**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **07-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിലെ സ്മാർട്ട് സബ്ബ് രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സബ്ബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ്ബ് രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളിലെ പുരോഗതി വിശദമാക്കാമോ? | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ചാത്തന്നൂർ, പരവൂർ, പൂയപ്പള്ളി, കൊട്ടിയം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ കൊട്ടിയം സബ് രജിസ്ട്രാർ ഓഫീസ് ഒഴികെ ചാത്തന്നൂർ, പരവൂർ, പൂയപ്പള്ളി എന്നീ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നവയാണ്. കൊട്ടിയം സബ് ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളാക്കി അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി സംബന്ധിച്ച പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. ഇതിനാവശ്യമായ തുക പ്രത്യേകമായി വകയിരുത്തിയിട്ടുമില്ല. നിലവിൽ ഈ മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്ന എല്ലാ ഓഫീസുകളിലും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ